ചെയ്തിരിക്കുന്നത്. അവർ വളരെ ഫലപ്രദമായി ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. മുഖ്യമന്ത്രി തന്നെ പല പ്രാവശ്യം മറ്റു മന്ത്രിമാരെ വിളിച്ചിരുത്തി വികസന കാര്യങ്ങൾ ചർച്ച ചെയ്യുകയും വിവിധ ഡിപ്പാർട്ടുമെന്റുകളെ കോ-ഓർഡിനേറ്റു ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗവൺമെന്റ് മുൻതൂക്കം കൊടുത്തു ആവിഷ്കരിച്ചുകൊണ്ടിരിക്കുന്ന ഒരു പദ്ധതിയാണ് തലസ്ഥാന നഗരത്തിന്റെ വികസനവും അതിന്റെ പ്രാന്തപ്രദേശങ്ങൾ ഭംഗിയായി സംരക്ഷിക്കലും.

കുടിവെള്ളം ലഭിക്കാത്ത പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാൻ നടപടി

*4 [184] ശ്രീ. കെ. പി. മോഹനൻ:
,, എ. സി. ഷൺമുഖദാസ്:
,, സി. കെ. നാണു:
ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം മേഖലകളിൽനിന്നും ലഭിക്കുന്ന ശുദ്ധജലമാണ് കുടിവെള്ളത്തിന് ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) വാട്ടർ അതോറിറ്റിയുടെ ടാപ്പ്, ഹാന്റ് പമ്പ്, ട്യൂബുകൾ എന്നിവ മുഖേന കുടിവെള്ളം ലഭിക്കുന്ന എത്ര വീടുകൾ ഇപ്പോൾ സംസ്ഥാനത്തുണ്ട്;

(സി) ഈ രൂപത്തിൽ കുടിവെള്ളം ലഭിക്കാത്ത പ്രദേശങ്ങളിലെ ജനങ്ങൾക്ക് അവ എത്തിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ,

(എ) ജലസംഭരണികൾ, നദികൾ, കുളങ്ങൾ, അരുവികൾ, നീരുറവകൾ, ശുദ്ധജല തടാകങ്ങൾ, കിണറുകൾ എന്നിവയിൽ നിന്നുള്ള വെള്ളവും മഴവെള്ളവും കുടിവെള്ളത്തിന് ഉപയോഗിച്ചുവരുന്നു.

(ബി) 30-11-2003-ലെ കണക്കു പ്രകാരം സംസ്ഥാനത്ത് 8,39,742 ഗാർഹിക വാട്ടർ കണക്ഷനുകൾ കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. കൂടാതെ 1,79,826 പൊതുടാപ്പുകൾ വഴിയും കേരള വാട്ടർ അതോറിറ്റി കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്.

(സി) കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് കുടിവെള്ളം എത്തിക്കാനായി കേരള വാട്ടർ അതോറിറ്റിയുടെ പണി നടന്നു വരുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാനും ധനലഭ്യതയ്ക്കു വിധേയമായി നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളും ഇക്കാര്യത്തിൽ പരമാവധി പ്രയോജനപ്പെടുത്താൻ നടപടികളെടുത്തുവരുന്നു. ജെ. ബി. ഐ. സി. സഹായത്തോടെ സംസ്ഥാനത്തു നടപ്പാക്കുന്ന കുടിവെള്ള പദ്ധതികളും ലോകബാങ്ക് സഹായത്തോടെ 4 ജില്ലകളിൽ നടപ്പാക്കി വരുന്ന ജലനിധി പദ്ധതിയും കൂടുതൽ പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാൻ സഹായകരമാകും. ജലനിധി പദ്ധതി ബാക്കി 10 ജില്ലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നുണ്ട്. താല്ക്കാലിക നടപടി എന്ന നിലയിൽ കുടിവെള്ളക്ഷാമം രൂക്ഷമായ സ്ഥലങ്ങളിൽ ടാങ്കർ ലോറികളിലും മറ്റും കുടിവെള്ളമെത്തിക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. മോഹനൻ: കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടിയുള്ള മറ്റൊരു പദ്ധതിയാണ് സ്വജൽധാരാ പദ്ധതി. ഈ സ്വജൽധാരാ പദ്ധതി പ്രകാരം പീപ്പിൾസ് കോൺട്രിബ്യൂഷൻ അടച്ചവർക്ക് പദ്ധതി നൽകുമെന്ന് പറഞ്ഞിട്ടുണ്ട്. പ്രൈവറ്റ് സ്കൂൾ, അതുപോലെയുള്ള സ്ഥാപനങ്ങളിൽ ഈ പദ്ധതികൾ എത്തിക്കാൻവേണ്ടി പണമടച്ചിട്ടും എത്തിക്കാൻ സാധിച്ചിട്ടില്ല എന്ന മറുപടിയാണ് കിട്ടിയത്. ഇതിനു എന്തു നടപടികളാണ് അങ്ങു സ്വീകരിക്കുന്നതെന്നു വ്യക്തമാക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: കേന്ദ്ര ഗവൺമെന്റ് അസിസ്റ്റൻസുള്ള ഒരു പ്രോഗ്രാമാണ് ഈ സ്വജൽധാരാ പദ്ധതി. ഇതിനകത്ത് 10 ശതമാനം കോൺട്രിബ്യൂഷനാണ് ബെനിഫിഷ്യറീസിന്റെ ഭാഗത്തുനിന്നും വരിക. സ്കൂളുകളുടെ പ്രോഗ്രാം എടുക്കാമെന്നു കേന്ദ്ര ഗവൺമെന്റ് ആദ്യം അറിയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളിൽ നിന്നും പ്രൊപ്പോസലുകൾ ഞങ്ങൾ വാങ്ങുകയും ചെയ്തു. പക്ഷേ വീണ്ടും കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചത് ഈ പദ്ധതി ഗവൺമെന്റ് സ്കൂളുകളിൽ മാത്രമായി ഒതുക്കി നിർത്തണമെന്നാണ്. കേരളത്തിന്റെ ഒരു പ്രത്യേക സാഹചര്യത്തിൽ എയ്ഡഡ് സ്കൂളുകളെക്കൂടി ഈ പട്ടികയിൽ പെടുത്തേണ്ടതാണെന്ന അഭിപ്രായം ഗവൺമെന്റിനുണ്ട്. അതു അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റിലേയ്ക്ക് ഞങ്ങൾ എഴുതിയിട്ടുമുണ്ട്. അനുകൂലമായ ഒരു മറുപടി ഞങ്ങൾ പ്രതീക്ഷിക്കുകയാണ്.

ശ്രീ. കെ. പി. മോഹനൻ: വരൾച്ച കൂടുതൽ അനുഭവപ്പെടാൻ പോകുകയാണ്. ഇപ്പോൾതന്നെ അനുഭവപ്പെട്ടു തുടങ്ങിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ പല പദ്ധതികളും തുടങ്ങിയിട്ടു പൂർത്തീകരിച്ചിട്ടില്ല. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് തലശ്ശേരി വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പാത്തിപ്പാലം. മൂന്നു പഞ്ചായത്തുകൾക്ക് വെള്ളം നൽകാൻ പാകത്തിലുള്ള ഒരു പദ്ധതിയാണിത്. പക്ഷേ ഇതുവരെ ഉദ്ഘാടനം ചെയ്യപ്പെട്ടില്ല. എന്നിട്ടും പമ്പ് ചെയ്യുമ്പോൾ പൊട്ടിപ്പൊളിഞ്ഞുപോകുകയാണ്. അതു പരിശോധിച്ചുകൊണ്ട് അവിടെ സുഗമവും സുതാര്യവുമായ ശുദ്ധജലവിതരണം ഉടൻ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: അദ്ദേഹം ഒരു പ്രധാന പദ്ധതിയെ സംബന്ധിച്ചാണ് ചോദിച്ചത്. അതിന്റെ ഡീറ്റെയിൽസ് ഇപ്പോൾ എന്റെ കയ്യിലില്ല. എങ്കിലും ഞാൻ അതു പരിശോധിക്കാം. പൊതുവായി കമ്മീഷൻ ചെയ്ത പദ്ധതികൾ നടത്തിക്കൊണ്ടു പോകണം എന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിനേക്കാൾ ഉപരിയായി ഇപ്പോൾ കേരളത്തിൽ പണിനടന്നു കൊണ്ടിരിക്കുന്ന ശുദ്ധജലവിതരണ പദ്ധതികളെ സംബന്ധിച്ച് ഒരു റിവ്യൂ എന്റെ തലത്തിൽതന്നെ ഞാൻ നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കുറെ പ്രോഗ്രസ്സ് ഉണ്ടായിട്ടുണ്ട്. തടസ്സങ്ങൾ ഉണ്ടായ കാര്യങ്ങളിൽ ഞാൻ എം. എൽ. എ.-മാരെ നേരിട്ടു കത്തുവഴി അറിയിച്ചിട്ടുണ്ട്. ഇന്നയിന്ന തടസ്സങ്ങൾ ശുദ്ധജലവിതരണ പദ്ധതിയിൽ നേരിടുന്നുണ്ട്, അതു പരിഹരിക്കാൻ നിങ്ങളുടെ സഹകരണം വേണം എന്നു പറഞ്ഞിട്ടുണ്ട്. എം. എൽ. എ.-മാർ റെസ്പോണ്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. അങ്ങനെയൊരു കോ-ഓർഡിനേഷൻകൂടി ഇക്കാര്യത്തിൽ ഉണ്ടാക്കിക്കൊണ്ട് പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)